# സിവിൽ നിയമ പരിഷ്കാരങ്ങൾ


# കോടതികൾ സാധാരണക്കാരന് അന്യമാവുമോ?

**പി.എസ്. കുമാർ**

കൈക്കൂലി, അഴിമതി, സ്വജനപക്ഷപാതം, കെടുകാര്യസ്ഥത തുടങ്ങിയ വൃത്തികേടുകളാൽ സാമൂഹ്യ - രാഷ്ട്രീയ-ഭരണമേഖലകളാകെ മലീമസമായിരിക്കുന്ന ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ജനങ്ങൾക്ക് പൂർണ്ണമായും വിശ്വാസം നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരേയൊരു ഭരണകൂട സംവിധാനം കോടതികൾ മാത്രമാണ്. മേൽപറഞ്ഞ വൃത്തികേടുകളിൽ നിന്നും പൂർണമായും വിമുക്തമല്ല നീതിന്യായ സംവിധാനം എങ്കിലും, മറ്റുള്ള മേഖലകളെ അപേക്ഷിച്ച് ഏറ്റവും കുറച്ച് ശ്രമക്കേടുകൾ നടക്കുന്ന ഒരു സംവിധാനമാണ് ഇപ്പോൾ അത്.

മറ്റ് സംവിധാനങ്ങളെ അപേക്ഷിച്ച് നീതിന്യായ സംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസ്യവും കോടതികളുടെ പ്രവർത്തന സ്വാതന്ത്ര്യവും തകർക്കുക എന്നത് ഇന്ന് രാഷ്ട്രീയക്കാരൻെറയും ഉദ്യോഗസ്ഥവൃന്ദത്തിൻെറയും ആവശ്യമാണ്. ഇന്ത്യൻ സിവിൽ നടപടിക്രമങ്ങൾ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിൻെറ നീക്കം ഈ വെളിച്ചത്തിൽ വേണം വായിച്ചെടുക്കേണ്ടത്.

കോടതികളിൽ കേസുകൾ തീർപ്പാക്കാൻ എടുക്കുന്ന കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി എന്ന പേരും പറഞ്ഞ് നടപ്പാക്കുന്ന പരിഷ്ക്കാരങ്ങൾ തലവേദന മാറാൻ തലവെട്ടിക്കളഞ്ഞാൽ മതി എന്ന മട്ടിലുള്ള വൈരുദ്ധ്യമാണ് കൊണ്ടുവരാൻ പോകുന്നത്.



## കേസുനടത്താൻ ചെലവുകൂടും

പുതിയ സിവിൽ നടപടി ക്രമ ഭേദഗതികൾ മുന്നോട്ടു വെയ്ക്കുന്ന പരിഷ്ക്കാരങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് സാക്ഷിവിസ്താരം സംബന്ധിച്ച ഒന്നാണ്. അന്യായക്കാരെയും എതൃകക്ഷികളെയും ഇരുപക്ഷത്തിൻെറ സാക്ഷികളെയും ന്യായാധിപൻെറ സാന്നിധ്യത്തിൽ കോടതിമുറിയിൽവെച്ച് അഭിഭാഷകർ വിസ്തരിക്കുകയും സാക്ഷികൾ പറയുന്നത് ന്യായാധിപൻ സ്വന്തം കയ്പടയിൽ തന്നെ എഴുതിയെടുക്കുകയുമാണ് നിലവിലുള്ള രീതി. ന്യായാധിപൻമാർക്ക് ഏറ്റവുമധികം സമയം ചെലവാകുന്നത് ഇക്കാര്യത്തിനാണ് താനും. പക്ഷെ, കോടതി നടപടികളിൽ ജനങ്ങൾക്ക് വിശ്വാസം വരാൻ ഏറ്റവും സഹായിക്കുന്നത് ഈ ന്യായാധിപ സാന്നിദ്ധ്യമാണ്.

പുതിയ സിവിൽ നിയമഭേദഗതികളിലെ മുഖ്യ നിർദ്ദേശങ്ങളിൽ ഒന്ന് സാക്ഷിവിസ്താരം കോടതിയിൽ നിന്നും മാറ്റുക എന്നതാണ്. കോടതി നിയോഗിക്കുന്ന കമ്മീഷണർമാർ ഇപ്പോൾ ന്യായാധിപൻമാർ ചെയ്യുന്ന മൊഴി രേഖപ്പെടുത്തൽ ചുമതല നിർവ്വഹിക്കുക എന്നതാണ് പുതിയ നിർദ്ദേശം. (ഇപ്പോഴും, തീരെ കിടപ്പിലായ ആൾക്കാരുടെയും മറ്റും കാര്യത്തിൽ ഈ സമ്പ്രദായം നിലവിലുണ്ട്). ന്യായാധിപ സാന്നിദ്ധ്യം ഒഴിവാക്കപ്പെടുന്നു എന്നു മാത്രമല്ല, മൊഴി രേഖപ്പെടുത്താൻ നിയോഗിക്കപ്പെടുന്ന കമ്മീഷണർമാർക്ക് വിസ്തരിക്കപ്പെടുന്ന സാക്ഷികളുടെ എണ്ണമനുസരിച്ച് ബത്ത കൊടുക്കേണ്ടിവരിക എന്ന സാമ്പത്തിക പ്രശ്നംകൂടി ഈ പുതിയ പരിഷ്ക്കാരത്തിൽ അടങ്ങിയിരിക്കുന്നുണ്ട്. അതായത്, ഇപ്പോഴേ സാധാരണക്കാർക്ക് അപ്രാപ്യമായ നീതിന്യായ വ്യവസ്ഥ സാധാരണക്കാരന് താങ്ങാനാവാത്തവിധം കൂടുതൽ ചെലവേറിയതായി മാറുമെന്നർത്ഥം.

## സാധാരണക്കാരൻെറ കേസിന് അപ്പീലില്ല

നിയമപരിരക്ഷണ സംവിധാനത്തിൻെറ അടിസ്ഥാന പ്രമാണങ്ങളെ തന്നെ നിരാകരിക്കുന്ന മറ്റൊരു ഭേദഗതിയാണ്, 25,000 രൂപയിൽ താഴെയുള്ള തുകകൾ തർക്കവിഷയമായി വരുന്ന കേസുകളിൽ കീഴ്കോടതി വിധി എന്തുതന്നെയായാലും അതിന്മേൽ അപ്പീൽ പോകാനാവില്ല എന്നത്. അഭിഭാഷകരുടേയോ ന്യായാധിപൻെറ തന്നെയോ പരിചയക്കുറവുകൊണ്ടോ

(ശേഷം ആറാം പേജിൽ)

# കോടതികൾ സാധാരണക്കാരന് അന്യമാവുന്നു

(ഒന്നാം പേജ് തുടർച്ച)

അശ്രദ്ധകൊണ്ടോ മറ്റേതെങ്കിലും കാരണത്താലോ നീതി ലഭിക്കേണ്ട കക്ഷിക്ക് അത് നിഷേധിക്കപ്പെടുന്നപക്ഷം, ആ കക്ഷിക്ക് തന്റെ ഭാഗം മറ്റൊരു ന്യായാധിപനു മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം പാടെ ഇല്ലാതാക്കുകയെന്നത്, നീതി നിഷേധിക്കലല്ലെങ്കിൽ പിന്നെന്താണ്. 25,000 രൂപ ഒരു സാധാരണക്കാരന് വലിയ തുക തന്നെയാണ്. അപ്പീലിനു പോകാനുള്ള അവകാശം സാധാരണക്കാരനുമാത്രമായി നിഷേധിക്കുന്നത് എന്തുകൊണ്ടാണ്. അപ്പീൽ കേസുകളുടെ എണ്ണം കുറയ്ക്കുകയാണ് ഉദ്ദേശമെങ്കിൽ, അപ്പീൽ ഫയൽ ചെയ്യുന്നതിന് ഇന്നത്തേക്കാൾ ഉയർന്ന ഒരു തുക കോർട്ട് ഫീയായി നിശ്ചയിച്ചോ മറ്റോ, നീതി നിഷേധിക്കപ്പെട്ടു എന്നുറപ്പുള്ള കക്ഷികൾ മാത്രം അപ്പീലിനു പോകാനൊരുങ്ങുന്ന ഒരു അവസ്ഥയുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്, അല്ലാതെ അപ്പീൽ അവകാശം തന്നെ എടുത്തുകളഞ്ഞുകൊണ്ടല്ല.

## കോടതിയുടെ തെറ്റുകൾ കക്ഷി സഹിക്കണം

കീഴ്-കോടതികൾ പുറപ്പെടുവിക്കുന്ന താൽക്കാലിക ഉത്തരവുകളിൽ (ഇഞ്ചങ്ഷൻ, സ്റ്റേ തുടങ്ങിയവ) റിവിഷൻ ബോധിപ്പിക്കാനുള്ള അവകാശം കുറേകൂടി ഭീകരമാണ്. താൽക്കാലിക ഉത്തരവുകൾ എന്തുതന്നെയായാലും കക്ഷികൾ സഹിക്കണമെന്നു കേസിൽ അവസാന തീർപ്പായതിനു ശേഷം മാത്രം അപ്പീൽ ഫയൽ ചെയ്താൽ മതിയെന്നും പറയുമ്പോൾ, തെറ്റായ ഉത്തരവുകൾ പോലും കുറേ കാലത്തേക്കു കക്ഷി സഹിക്കണമെന്നാണു വരുന്നത്.

## തെറ്റുതിരുത്താൻ പാടില്ല!

അന്യായം, ഹരജികൾ, പത്രിക, ആക്ഷേപം എന്നിവ ബോധിപ്പിക്കുന്നതിൽ സംഭവിക്കുന്ന കുറ്റങ്ങളും കുറവുകളും കേസു നടന്നുകൊണ്ടിരിക്കെ തന്നെ ഒരു തെറ്റുതിരുത്തൽ ഹരജി നൽകി കോടതിയുടെ അനുമതി വാങ്ങിയശേഷം പരിഹരിക്കാനുള്ള സംവിധാനവും എടുത്തുകളയണമെന്നാണ് പുതിയ ഭേദഗതി. അടിയന്തിര പ്രാധാന്യമുള്ള പല കേസുകളിലും മുഴുവൻ വസ്തുതകളും വിവരങ്ങളും രേഖകളും ശേഖരിക്കുന്നതിനു മുമ്പുതന്നെ കേസ് ഫയൽ ചെയ്യേണ്ടതായിവരും. സാധാരണക്കാരായ ജനങ്ങൾ വക്കീലിനെ സമീപിക്കുമ്പോൾ പല കാര്യങ്ങളും വക്കീലിനെ ധരിപ്പിക്കാൻ വിട്ടുപോയെന്നുവരാം. പരിചയസമ്പന്നമല്ലാത്ത അഭിഭാഷകർ തയ്യാറാക്കുന്ന അന്യായങ്ങളിലും ഹരജികളിലും ചില വീഴ്ചകൾ വന്നുവെന്നും വരാം. ഇതെല്ലാം ഒരു പരിധിവരെ, മാറ്റിയെടുക്കാൻ കക്ഷികൾക്ക് അവസരം നൽകുന്ന ഇപ്പോഴത്തെ അവസ്ഥ മാറ്റുന്നത് കക്ഷികളെയാണ് ആത്യന്തികമായി ബാധിക്കുക. ഒരു കേസിൽ ഒരു ഹരജികൊടുത്തു മാറ്റാവുന്ന തെറ്റുകൾ തിരുത്താൻ ഇനി പുതിയ കേസുകളും അപ്പീലുകളും കൊടുക്കേണ്ടതായിവരും. ഇത്, ഈ ഭേദഗതിയുടെ ഉദ്ദേശ്യത്തെ തകിടം മറിക്കുന്ന ഫലമാണുണ്ടാക്കുക. കേസു കൊടുക്കുമ്പോൾ തന്നെ കേസിനാസ്പദമായ സകല രേഖകളും ഹാജരാക്കിയിരിക്കണമെന്ന ഭേദഗതിയും നീതിന്യായപൂർത്തിക്ക് തടസ്സമുണ്ടാക്കുന്നതാണ്.

പുതിയ ഭേദഗതികളിൽ മേൽപറഞ്ഞ പോലുള്ള പലതും ഇന്ത്യൻ നീതിന്യായ സമ്പ്രദായത്തിന്റെ അടിസ്ഥാന നൈതികതയെ തന്നെ തൊടുന്നതും സാധാരണ ജനങ്ങളെ നീതിന്യായ സംവിധാനത്തിൽ നിന്നും അകറ്റുന്നതുമാണ്. കാശുള്ളവനു മാത്രം ലഭിക്കാവുന്ന ഒന്നാണ് നീതി എന്നാക്കിത്തീർക്കുന്നത് എതിർക്കപ്പെടേണ്ടതാണ്. വിദേശ അഭിഭാഷകർക്ക് ഇന്ത്യയിൽ വാദിക്കാനവസരം നൽകുക തുടങ്ങിയ ചില കാര്യങ്ങളുടെ പേരിൽ അഭിഭാഷക സമൂഹം പുതിയ നടപടിക്രമങ്ങൾക്കെതിരെ രംഗത്തുവന്നിട്ടുണ്ട്. ഇക്കഴിഞ്ഞ ഫെബ്രുവരി 26 ന് കോടതികൾ ബഹിഷ്ക്കരിച്ചുകൊണ്ടുള്ള ഒരു സമരവും അവർ നടത്തുകയുണ്ടായി. എന്തായാലും പുതിയ ഭേദഗതികൾക്കെതിരെ സാധാരണ പൗരന്മാരിൽ നിന്നുതന്നെ പ്രതിഷേധം ഉയരേണ്ടതുണ്ട്.

ഒരൊറ്റ ചോദ്യമേ ചോദിക്കേണ്ടു: പുതിയ ഭേദഗതികളിൽ, ഒരു സാധാരണക്കാരനായ കക്ഷിക്ക് ഗുണം ചെയ്യുന്ന ഏതെങ്കിലും ഒരു ഭേദഗതി ചൂണ്ടിക്കാണിക്കാമോ?

ഇല്ല, അങ്ങിനെയൊന്നില്ല. കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം തീർക്കാനും പുതിയ കേസുകളുടെ എണ്ണം കുറയ്ക്കാനും ഇത്തരം വളഞ്ഞ വഴികളല്ല ആശ്രയിക്കേണ്ടത്. കൂടുതൽ കോടതികൾ സ്ഥാപിക്കുക; മനഃപൂർവം കേസ് നീട്ടിക്കൊണ്ടുപോകുന്ന തന്ത്രങ്ങളെ ഉയർന്ന പിഴ ചുമത്തി തടയുക തുടങ്ങിയ വഴികളാണാലോചിക്കേണ്ടത്.

**സ്ഥലം വില്പനയ്ക്ക്**

തൃശൂർ ജില്ലയിൽ വിയ്യൂർ എന്ന സ്ഥലത്ത് 7 സെന്റ് സ്ഥലവും ടെറസ് വീടും വില്പനയ്ക്ക്. വറ്റാത്ത കിണർ, പൈപ്പ് കണക്ഷൻ മറ്റനുഭവങ്ങൾ

Contact Phone No: 0487-695949
335835 (PP)